LIBRARY ARCHIVES Kerala Legislative Assembly

മിനി ഡയറി ഫാം പദ്ധതി

154 [608] ശ്രീ. എം. മുരളി:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ:

" കെ. സി. ജോസഫ്:

" വർക്കല കഹാർ:

" ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മിനി ഡയറി ഫാം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്രപേർക്ക് മൊത്തം എന്തു തുക വായ്പ നൽകിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് മിനി ഡയറി ഫാം പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഇതുവരെ 59,77,300 രൂപ വായ്പ നൽകിയിട്ടുണ്ട്. എത്ര പേർക്ക് നൽകി എന്ന വിവരം ശേഖരിച്ചു വരുന്നു.

നബാർഡ് നൽകിയ റീ ഫിനാൻസ് സംബന്ധിച്ച വിശദാംശങ്ങൾ

155 [609] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് ഹ്രസ്വകാല-ദീർഘകാല വായ്പാ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷം നബാർഡ് നൽകിയ റീ-ഫിനാൻസ് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കേരളത്തിലെ സഹകരണ മേഖലയ്ക്ക് മൂന്ന് വർഷമായി നബാർഡ് വിഭാവനം ചെയ്തിട്ടുള്ള വായ്പാ പദ്ധതികൾ ഓരോ ഇനത്തിലും അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ളതിന്റെ എത്ര ശതമാനം ലഭിച്ചുയെന്ന് വെളിപ്പെടുത്താമോ;

(സി) നബാർഡ് വിഭാവനം ചെയ്ത ഏതെല്ലാം വായ്പാ പദ്ധതികളാണ് ഇതേവരെ വിനിയോഗിക്കാൻ കഴിയാതിരിക്കുന്നതെന്ന് വിശദമാക്കാമോ?

† അനുബന്ധം V കാണുക.

അനുബന്ധം IV

[1-7-2004-ലെ 93 (547)-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

		2000-01	2001-02	2002-03	2003-04
1.	അതിവർഷാനുകൂല്യം	4,79,45,048	2,36,82,697	2,87,20,970	2,58,45,794
2.	മരണാനന്തരാനുകൂല്യം	24,35,975	24,68,041	3,69,964	27,17,807
3.	വിവാഹാനുകൂല്യം	1,62,94,650	93,84,000	2,21,06,000	1,09,66,000
4.	പ്രസവാനുകൂല്യം	23,31,000	22,25,000	33,44,000	32,07,000
5.	ചികിത്സാനുകൂല്യം	9,10,710	10,83,906	18,59,031	19,34,324
6.	വിദ്യാഭ്യാസാനുകൂല്യം	10,38,498	9,60,589	18,20,602	10,07,890
	ആകെ	7,09,55,881	3,98,04,233	6,10,20,567	1,56,76,815

അനുബന്ധം V

[1-7-2004-ലെ 154 (608)-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

4 സങ്കര ഇനം പശുക്കൾ/എരുമകൾ അടങ്ങിയതാണ് ഒരു മിനി ഡയറി ഫാം യൂണിറ്റ്. വർഷം മുഴുവൻ പാൽ ലഭ്യമാക്കുന്നതിന് വേണ്ടി ആദ്യം രണ്ട് പശുക്കളും ആറുമുതൽ 8 മാസം കഴിഞ്ഞ് അടുത്ത രണ്ട് പശുക്കളേയും വാങ്ങുവാനാണ് വായ്പ അനുവദിക്കുന്നത്. പശുക്കളുടെ വില, അവയ്ക്കുള്ള ഇൻഷ്വറൻസ് പ്രീമിയം, കാലിത്തൊഴുത്ത് നിർമ്മിക്കുക, ആദ്യത്തെ രണ്ട് പശുക്കൾക്ക് ഒരു മാസത്തെ തീറ്റ ചിലവ്, വളക്കുഴി നിർമ്മിക്കുക, ഡയറി ഫാമിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക, ഇടവിളയായി 50 സെന്റ് സ്ഥലത്ത് തീറ്റപ്പുല്ല് കൃഷി ചെയ്യുക, ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മിക്കുക എന്നീ ആവശ്യങ്ങൾക്കായി ഒരു യൂണിറ്റിന് പരമാവധി 95,000 രൂപ വരെ വായ്പ ലഭിക്കും. ഇതിൽ ഗോബർ ഗ്യാസ് പ്ലാന്റിന് അനുവദിക്കുന്ന തുകയ്ക്കുള്ള തിരിച്ചടവ് കാലാവധി 7 വർഷവും മറ്റാവശ്യങ്ങൾക്ക് അനുവദിക്കുന്ന തുകയ്ക്കുള്ളത് 6 വർഷവുമാണ്. പരമാവധി ഒരാൾക്ക് 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കും. വായ്പ എടുക്കുന്ന കർഷകർക്ക് തങ്ങളുടെ നാട്ടിലെ ക്ഷീരസംഘത്തിൽ അംഗത്വം ഉണ്ടായിരിക്കണം. കൂടാതെ ഉൽപാദിപ്പിക്കപ്പെടുന്ന പാൽ ക്ഷീര സംഘം വാങ്ങിക്കൊള്ളാമെന്നുള്ള സമ്മതപത്രവും ഹാജരാക്കേണ്ടതാണ്. വാങ്ങാനുദ്ദേശിക്കുന്ന സങ്കര ഇനം പശുക്കളുടെ ഇനം, വയസ്, ഗുണമേന്മ, പ്രസവം, ആരോഗ്യം എന്നിവ സാക്ഷ്യപ്പെടുത്തുന്ന മൃഗഡോക്ടറുടെ സർട്ടിഫിക്കറും ഹാജരാക്കേണ്ടതാണ്. വായ്പ തുകയ്ക്ക് 25,000 രൂപ വരെ 8.5%-വും 25001 മുതൽ 50,000 രൂപ വരെ 9%-വും 50,001 മുതൽ 2 ലക്ഷം വരെ 10%-വും അതിനുമുകളിൽ 11%-വും ആണ് പലിശ നിരക്ക്.

LIBRARY ARCHIVES Kerala Legislative Assembly